പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2800 — 09.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം

ചോദ്യം
ശ്രീ.കെ. ദാസൻ

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികളും ഇതുമൂലം കൈവരിച്ച നേട്ടങ്ങളും വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിച്ച് നവീകരിക്കുന്നതിനായി വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊൽക്കത്ത ആസ്ഥാനമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ (സർക്കാർ ഉത്തരവ് നം. G.O.(Rt) 367/2016/Trans. തിയതി 24.09.2016 പ്രകാരം) കൺസൾട്ടന്റായി നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>2017-18 ബഡ്ജറ്റിൽ 3000 കോടി രൂപയുടെ സമഗ്രപുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.<br>എറണാകുളം കേന്ദ്രമാക്കി 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് വായ്പയായി നൽകുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്നു. ഇതിൻ പ്രകാരം ആദ്യഘട്ടമായി 166 സി.എൻ.ജി. ബസുകൾ 50 കോടി രൂപ മുതൽ മുടക്കിൽ വാങ്ങുന്നതിനുള്ള ഭരണാനുമതി സർക്കാർ ഉത്തരവ് (സാധാ) |

| | | | |
|---|---|---|---|
| | | | നമ്പർ. 72/2017/TRANS തീയതി 20.02.2017 പ്രകാരം നൽകിയിട്ടുണ്ട്.<br>ഇതു സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് KIIFB മുമ്പാകെ സമർപ്പിച്ചു കഴിഞ്ഞു.<br>കെ.എസ്.ആർ.ടി.സി പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസി (CNG)ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>ബസ് സ്റ്റാൻഡുകളെ ആധുനിക വത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കി വരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെന്റീവ് നൽകുന്നുണ്ട്. കൂടാതെ ഓരോ അസി. വർക്ക്സ് മാനേജർ (മെയിന്റനൻസ്)മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്ക്സ് മാനേജരെ ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. കെ.എസ്.ആർ.ടി.സിയുടെ വസ്തുവകകളിൽ ഫ്യൂവൽ കോംപ്ലക്സുകൾ സജ്ജീകരിച്ച് ഇന്ധന വിതരണം (CNG, Diesel) നടത്തുന്നതിന് ഓയിൽ കമ്പനികളെ ചുമതല പ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മെക്കാനിക്കൽ വിഭാഗത്തിൽ Work-norms പരിഷ്കരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും നടപടികൾ നടന്നുവരുന്നു. ഇതുമൂലം കെ.എസ്.ആർ.ടി.സി.യുടെ പ്രവർ ത്തനം മെച്ചപ്പെടുത്താനാകുമെന്ന് പ്രതീക്ഷി ക്കുന്നു. |
| (ബി) | പ്രൊഫ.സുശീൽ ഖന്ന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ; റിപ്പോർട്ടിന്റെ അടി സ്ഥാനത്തിൽ സ്വീകരിക്കാനുദ്ദേ ശിക്കുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കാമോ? | (ബി) | പൂർണ്ണമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**